**Institute of Human Resources Development**
*(Established by Government of Kerala)*
TC 86/1949(2) NH Bypass Junction, Chackai, Pettah P.O.
Thiruvananthapuram – 695024, Kerala.
Ph: +91 471 2322985, +91 471 2322501 Fax: +91 471 2322035
web: www.ihrd.ac.in. mail: director@ihrd.ac.in

നമ്പർ. ഡിഎ1/10018/18/എച്ച്.ആർ.ഡി (2) തീയതി: 18.08.2021

പ്രേഷിതൻ
ഡയറക്ടർ

സ്വീകർത്താവ്
ഐ.എച്ച്.ആർ.ഡിയിലെ എല്ലാ സ്ഥാപനമേധാവികൾക്കും

സർ/മാഡം,

വിഷയം: ഐ.എച്ച്.ആർ.ഡി – കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സ്വാശ്രയ കോളേജുകളിലേയും വിദ്യാർത്ഥികളുടെ ഫീസ് കുറവ് ചെയ്യുന്നത് സംബന്ധിച്ച ഗവൺമെന്റ് ഉത്തരവ് – സംബന്ധിച്ച്.

സൂചന: 1. സർക്കാർ ഉത്തരവ് നമ്പർ 789/2021/ഉ.വി.വ തീയതി 15.06.2021.
2. സർക്കാർ ഉത്തരവ് നമ്പർ 800/2021/ഉ.വി.വ തീയതി 17.06.2021
3. ഈ ഓഫീസിലെ ഇതേ ഇണ്ടാസ് നമ്പർ തീയതി 30.06.2021
4.മോഡൽ പോളിടെക്നിക് കോളേജ് കരുനാഗപള്ളി കത്ത് നമ്പർ A/5C/2021/MPTC തീയതി 04.08.2021

സൂചന (1) (2) പ്രകാരം കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സ്വാശ്രയ കോളേജുകളിലേയും വിദ്യാർത്ഥികളുടെ ഫീസ് കുറവ് ചെയ്യുന്നത് സംബന്ധിച്ച് ഗവൺമെന്റ് ഉത്തരവുകൾ ഇറക്കിയിരുന്നു. 15.06.2021 ൽ പുറത്തിറക്കിയ ഗവൺമെന്റ് ഉത്തരവ് സൂചന (3) പ്രകാരം ഐ.എച്ച്.ആർ.ഡിയുടെ എല്ലാ സ്ഥാപനമേധാവികളേയും അറിയിച്ചിരുന്നു. ടി ഉത്തരവിൽ സൂചന (4) പ്രകാരം മോഡൽ പോളിടെക്നിക് കോളേജ് കരുനാഗപള്ളി സ്ഥാപന മേധാവി വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

കോവിഡ് 19 ന്റെ ഭാഗമായി റഗുലർ ക്ലാസുകൾ നടക്കുന്നില്ലെങ്കിലും ചില സ്വാശ്രയ സ്ഥാപനങ്ങൾ ഭീമമായ തുക വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്നതായി ചില രക്ഷിതാക്കളിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നും സർക്കാരിന് പരാതി ലഭിച്ച പശ്ചാത്തലത്തിലാണ് സർക്കാർ ടി ഉത്തരവുകൾ പുറപ്പെടുവിച്ചത്. റഗുലർ ക്ലാസുകൾ നടക്കാത്ത സാഹചര്യത്തിൽ ട്യൂഷൻ ഫീസും പരീക്ഷാ ഫീസും യൂണിവേഴ്സിറ്റി ഫീസും ഒഴികെയുള്ള മറ്റ് എല്ലാ ഫീസുകളും ഈടാക്കുന്നതിൽ നിന്ന് എല്ലാ സ്ഥാപനങ്ങളെയും സർക്കാർ വിലക്കിയിട്ടുണ്ട്. . ആയതിനാൽ മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്ന ഫീസുകൾ മാത്രമേ കുട്ടികളിൽ നിന്ന് ഇടാക്കേണ്ടതുള്ളൂ.

വിശ്വസ്തയോടെ
ഒപ്പ്
ഡയറക്ടർ

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്